"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി - എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കരാർ നിയമനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (പിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.879/2023/AGRI തീയതി, തിരുവനന്തപുരം, 11-09-2023

പരാമർശം:-

1. ധനകാര്യ വകുപ്പിന്റെ 61/2022/ധന തീയതി 22.07.2022 നമ്പർ സർക്കുലർ
2. സ.ഉ(സാധാ)നം.775/2022/കൃഷി തീയതി 27.08.2022
3. സ.ഉ(സാധാ)നം.375/2023/കൃഷി തീയതി 19.04.2023
4. കൃഷി ഡയറക്ടറുടെ 30.06.2023 തീയതിയിലെ ADFW/2862/2022-TF2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേന്ദ്രാവിഷ്കൃത പദ്ധതിയായ BPKP യുടെ നടത്തിപ്പിൽ, ആദ്യ വർഷം പദ്ധതി മാനദണ്ഡ പ്രകാരം ഒരു ക്ലസ്റ്ററിൽ ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ വീതം 164 ക്ലസ്റ്ററുകളിലായി 164 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയോഗിക്കുകയും അപ്രകാരം നിയോഗിച്ച ജീവനക്കാരെ 179 ദിവസത്തെ കാലാവധി പൂർത്തീകരിച്ച ശേഷം ഒരു ദിവസത്തെ ഇടവേള നൽകി വീണ്ടും ജോലിയിൽ തുടരുന്നതിന് സൂചന(2) പ്രകാരം അനുമതി നൽകുകയും ചെയ്തിരുന്നു.

2. BPKP 2022-23 പദ്ധതിയുടെ രണ്ടാം വർഷത്തെ പ്രവർത്തനങ്ങൾക്കായി 1822 ലക്ഷം രൂപ സർക്കാർ സൂചന (3) പ്രകാരം അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് കരാറടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം ആവശ്യമാണെന്നും പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ഓഫീസ് നിർവ്വഹണം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 164 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ എംപ്ലോയമെന്റ് വഴി നിയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്നും സൂചന (4) പ്രകാരം കൃഷി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന(1) പ്രകാരം കരാർ/ദിവസ വേതനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള പൊതു ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ചുകൊണ്ട്, ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയുടെ രണ്ടാം വർഷത്തെ സുഗമമായ

നടത്തിപ്പിലേയ്ക്കായി നിലവിലുള്ള ഒഴിവിലേയ്ക്ക് ഓഫീസ് നിർവ്വഹണം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന **164 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ 179 ദിവസം തികയുന്നതിന്റെ അടുത്ത ദിവസം ഒരു ദിവസത്തെ ഇടവേള നല്കികൊണ്ട് ഒരു വർഷത്തേയ്ക്ക് മാത്രം** കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് കൃഷി ഡയറക്ടർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി കാലയളവിന് ശേഷം ടി പദ്ധതിയിലേയ്ക്ക് തുടർന്നും ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം ആവശ്യമുണ്ടെങ്കിൽ സർക്കാർ അനുമതിയോടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്/ആഡിറ്റ്II), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്(27.07.2023ലെ 2492894/കൃഷി-A2/127/2023-ധന നമ്പർ കുറിപ്പ് മുഖേന)
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ)വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ